കുറ്റ്യാടി നദീജലപദ്ധതി.

* 1464. [24] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കുറ്റ്യാടി നദീജല പദ്ധതിമൂലം കുത്താളി ഗവണ്മെൻറ് ഭൂമിയിൽ നിന്നും ഇതിനകം കൃഷിക്കനുവദിച്ച സ്ഥലം സുമാർ 6000 ഏക്കർ വെള്ളത്തിനടിയിൽപ്പെട്ടുമെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ വെള്ളത്തിൽ മുങ്ങുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും ഏവ ?

(സി) ഈ സ്ഥലങ്ങൾക്കും സ്ഥാപനങ്ങൾക്കും പകരം ഭൂമി കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പന്നികൊട്ടൂർ മലവാരം ഈ ആവശ്യത്തിനു നീക്കിവയ്ക്കാൻ ഭയവുണ്ടാകുമോ ?

ഭക്ഷ്യവും വനവുംവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജാർജ്ജ്) :

അന്വേഷണം പൂർത്തിയാകാത്തതിനാൽ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ പദ്ധതി അവിടെ നടപ്പാക്കുന്നതിനെ സംബന്ധിച്ച് വല്ല ആക്ഷേപാതികളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. സി. ജാർജ്ജ് : ആക്ഷേപാതി കിട്ടിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് അപേക്ഷിച്ചിരിക്കുകയാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ : കുത്താളിയിൽ എത്രയേക്കർ ഭൂമി ആകെ കൃഷിക്കു കൊടുത്തിട്ടുണ്ട് ?

ശ്രീ. കെ. സി. ജാർജ്ജ് : നാലായിരം ഏക്കർ ആണ് കൊടുക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ നാലായിരം ഏക്കറിൽ നിന്നാണോ ആറായിരം ഏക്കർ വെള്ളത്തിനടിയിൽ പെട്ടുമെന്നു പറയുന്നത് ?

ശ്രീ. കെ. സി. ജാർജ്ജ് : ആ നാലായിരം ഏക്കർ ഉൾപ്പെടെ ആറായിരം ഏക്കർ എന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത് ?

ശ്രീ. കെ. എം. ജാർജ്ജ് : ഈ പദ്ധതിമൂലം എത്രയേക്കർ സ്ഥലത്തിനാണ് ഗുണം ലഭിക്കുന്നത് ?

Shri V. R. Krishna Iyer : 40,000 acres, I believe is the present acreage.

ബൊറർ ഫാമിംഗ് സൊസൈറ്റികൾ.

* 1465. [25] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൃഷിക്കാരനെ സഹായിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ബൊറാർഫാമിംഗ് സൊസൈറ്റികൾ സ്റ്റേറ്റിലാകെ രൂപീകരിക്കുന്നതിനു് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് ഗവണ്മെൻറ് കരുതുന്നത് ;

(ബി) ഈ സാമ്പത്തികവർഷത്തേയ്ക്കുള്ള ടാർജറ്റ് തയ്യാറാക്കിയോ ; എങ്കിൽ എത്ര ;

(സി) ഈ സംഘങ്ങൾ രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പ്ലാൻ ഡിപ്പാർട്ട്മെൻറിൽനിന്നും തയ്യാറാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly